**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 661** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** എല്ലാ നിയോജക മണ്ഡലങ്ങളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

**<u>മറുപടി:</u>** വിവിധ മത്സര പരീക്ഷകൾക്ക് പട്ടിക വിഭാഗ ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് വകുപ്പിനു കീഴിൽ 4 (തിരുവനന്തപുരം-മണ്ണന്തല, എറണാകുളം-ആലുവ, പാലക്കാട്-കുഴൽമന്ദം, കോഴിക്കോട്) പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. വകുപ്പിനു കീഴിൽ പ്രവർത്തിയ്ക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വെർച്വൽ ക്ലാസ്സ് റൂമുകൾ പണിയുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും (എല്ലാ നിയമസഭാ മണ്ഡലങ്ങളിലും) വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനു വേണ്ടി ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ അംബേദ്ക്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സൊല്യൂഷൻസ് (ICFOSS) സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കുകയും ആയത് വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനായി ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി ഗവൺമെന്റ് അംഗീകൃതമായ ഏത് ഏജൻസി മുഖേനയും പദ്ധതി നടപ്പിലാക്കാമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അനുമതി നൽകിയിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ഉത്തരവ് പുതുക്കി നൽകേണ്ടുന്ന സാഹചര്യത്തിൽ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സൊല്യൂഷൻസും (ICFOSS), സംസ്ഥാന നിർമ്മിതി കേന്ദ്രവും സമർപ്പിച്ച പ്രൊപ്പോസലിൽ നിലവിലെ ചട്ടപ്രകാരം മാറ്റം വരുത്തി നൽകുന്നതിന് നിർദ്ദേശം നൽകി നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**